**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3368** **14-07-2022 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതിയിൽ കടപ്ലാമറ്റം-മരങ്ങാട്ടുപള്ളി പഞ്ചായത്തുകളെ സംയുക്തമായി ഉൾപ്പെടുത്തുന്നതിന് 05.12.2021-ൽ വകുപ്പ് മന്ത്രിക്ക് പെറ്റീഷൻ നമ്പർ 1522/വി.ഐ.പി./മി/ അഗ്രി/2021 പ്രകാരം നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി പ്രദേശങ്ങൾ സംയുക്തമായി ഒരു കേരഗ്രാമമായി തെരഞ്ഞെടുക്കാൻ സമർപ്പിച്ച അപേക്ഷയിന്മേൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തുടർ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | കാർഷിക മേഖലയായ കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കടപ്ലാമറ്റം, ഉഴവൂർ, മരങ്ങാട്ടുപള്ളി പഞ്ചായത്തുകളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ആശ്വാസം പകരുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കടപ്ലാമറ്റം, മരങ്ങാട്ടുപള്ളി, ഉഴവൂർ പഞ്ചായത്തുകളെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുന്നതിനായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | 2021-22 വർഷം വരെ 250 ഹെക്ടർ തുർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശവും മുൻ വർഷങ്ങളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളേയുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ളത്. 2022-23 വർഷം 100 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശവും ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്ത പഞ്ചായത്തുകളേയുമാണ് കേരഗ്രാമം പദ്ധതി നടപ്പിലാക്കുവാൻ തിരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ